**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3226** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറിയിൽ രണ്ടാം ഭാഷയായി അറബിക് പഠിക്കുവാനുള്ള അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ മൂവായിരത്തിലധികം വിദ്യാർത്ഥികൾ ഒന്നാം ഭാഷയായി അറബിക് എടുത്ത് പ്രതിവർഷം എസ്.എസ്.എൽ.സി. പാസാകുന്നുണ്ടെങ്കിലും അവർക്ക് ഹയർ സെക്കണ്ടറി തലത്തിൽ രണ്ടാം ഭാഷയായി അറബിക് പഠിക്കുവാൻ മതിയായ അവസരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിൽ നിലവിൽ 45 സ്കൂളിൽ അറബിക് ഉപഭാഷ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ പ്ലസ് 1-ൽ 3345, പ്ലസ് 2-ൽ 3292 വിദ്യാർത്ഥികൾ നിലവിൽ അറബിക് ഉപഭാഷ പഠിക്കുന്നുണ്ട്. |
| (ബി) | ഹയർ സെക്കണ്ടറിയിൽ രണ്ടാം ഭാഷ രണ്ട് എണ്ണം എന്ന വ്യവസ്ഥയിൽ ഇളവ് വരുത്തി ചുരുങ്ങിയത് മൂന്ന് ആയി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ